## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4478** **25.06.2019 -ൽ മറുപടിയ്ക്ക്**

### സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി). |
| എ) സ്കൂൾ കുട്ടികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;ഇതിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കാലോചിതമായ എറെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഉച്ചഭക്ഷണം പോഷകാഹാര സമൃദ്ധമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ചോറിനൊപ്പം പോഷക സമൃദ്ധമായ 2 കറികൾ ദിവസേന നിർബന്ധ മായുംനൽകുന്നുണ്ട്. ഉച്ചഭക്ഷണത്തിന് അർഹതയുള്ള പ്രീ.പ്രൈമറി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഴ്ചയിൽ 2 ദിവസം 150ml തിളപ്പിച്ചാറ്റിയ പാലും ആഴ്ചയിൽ ഒരു ദിവസം ഒരു പുഴുങ്ങിയ മുട്ടയും നൽകുന്നു. മുട്ട കഴിക്കാത്ത കുട്ടികൾക്ക് അതേ വിലയുള്ള നേന്ത്രപ്പഴം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പലവ്യഞ്ജനം കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങുവാനും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിതമായ പച്ചക്കറികളും മറ്റ് ഉൽപ്പന്ന ങ്ങളും ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ് എന്നിവയുടെ സഹായത്തോടെ സ്കൂളുകളിൽ അടുക്കള പച്ചക്കറിതോട്ടം നിർമ്മിക്കുവാനും അവയിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ ഉപയോഗിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചക്കറിതോട്ടം നിർമ്മിക്കുന്നതിന് സ്കൂൾ ഒന്നിന് 5000/-(അയ്യായിരം രൂപ) രൂപ വീതം വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഉച്ചഭക്ഷണ പദ്ധതിയുടെ അനുബന്ധമായി നടപ്പിലാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമായി നടപ്പാക്കി വരുന്നു.ആരോഗ്യ പരിശോധന നടത്തുകയും അയൺ ഗുളികകൾ വിരനിവാരണ ഗുളികകൾ എന്നിവയുടെ വിതരണം നിർവഹിക്കുകയും ചെയ്യുന്നു. കൂടാതെ പാചക ചിലവിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും പാചക തൊഴിലാളികൾക്ക് അവധിക്കാല സമാശ്വാസം നൽകുകയും ഓണറേറിയം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാചകത്തിന് വിറകിന് പകരം പാചക വാതകം ഏർപ്പെടുത്തുന്നതിന് സ്കൂളൊന്നിന് 5000/- രൂപ വീതം നൽകി. പദ്ധതി മോണിറ്റർ ചെയ്യുന്നതിന് Automated Monitoring System (AMS) നടപ്പിലാക്കി. വിവിധ തലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വെബ്സൈറ്റ് കം സോഫ്റ്റ് വെയർ വികസിപ്പിച്ചു. കുടിവെള്ളത്തിന്റേയും |

ഉച്ചഭക്ഷണത്തിന്റേയും സാമ്പിളുകൾ ശേഖരിച്ച് അംഗീകൃത ലാബുകളിൽ പരിശോധനനടത്തുന്നു. എഫ്.സി.ഐ, സപ്ലൈകോ എന്നീ ഏജൻസികളുമായി ബന്ധപ്പെട്ട് ഗുണ മേന്മയുള്ള ഭക്ഷ്യധാന്യം സ്കൂളുകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നിലവിൽ പ്രഥമാദ്ധ്യാപകന്റെ ചുമതല ആയതിനാൽ അവർക്ക് സ്കൂളിലെ അക്കാഡമിക് കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇക്കാര്യം പരിഗണിച്ച് സ്കൂൾ പ്രഥമാദ്ധ്യാപകരെ ഇക്കാര്യത്തിൽ നിന്ന് ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതിന്റെ ചുമതല ഏല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) നിലവിൽ പരിഗണനയിലില്ല. |
| ഡി) കുട്ടികൾക്ക് പാലും മുട്ടയും നൽകുന്ന പദ്ധതി വ്യാപകമാക്കിയിട്ടുണ്ടോ ഇതിനായുള്ള മുട്ട തദ്ദേശ തലത്തിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ശേഖരിക്കുവാൻ കഴിയുന്നുണ്ടോ; | ഡി) ഉച്ചഭക്ഷണത്തിന് യോഗ്യതയുള്ള പ്രീ.പ്രൈമറി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഴ്ചയിൽ 2 ദിവസം 150 ml തിളപ്പിച്ചാറ്റിയ പാലും ആഴ്ചയിൽ ഒരു ദിവസം ഒരു പുഴുങ്ങിയ മുട്ടയും നൽകുന്നു.(മുട്ട കഴിക്കാത്ത കുട്ടികൾക്ക് അതേ വിലയുള്ള നേന്ത്രപഴം) നൽകുന്നു.ആവശ്യമായ എണ്ണം മുട്ട പ്രാദേശിക വിപണികളിൽ നിന്നാണ് സ്കൂളുകൾ വാങ്ങുന്നത്. |
| ഇ) കുട്ടികൾക്ക് പഴവർഗ്ഗങ്ങൾ കൂടി നൽകുന്ന പദ്ധതി ആവിഷ്കരിക്കുവാൻ പദ്ധതിയുണ്ടോ? | ഇ) ഇത് സംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ